**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം തവനൂർ നിയമസഭാ മണ്ഡലത്തിൽ പുതുതായി അനുവദിച്ച ഫുഡ് സേഫ്റ്റി ഓഫിസിന്റെ പ്രവർത്തനങ്ങൾക്കായി താൽകാലികമായി വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം./3135/2017/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 23/09/2017

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 28.07.2017-ലെ 4177/ എച്ച്&റ്റി 2/2017/സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തവനൂർ നിയമസഭാ മണ്ഡലത്തിൽ പുതുതായി അനുവദിച്ചിട്ടുള്ള ഫുഡ് സേഫ്റ്റി ഓഫീസിന് കെട്ടിട സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യത്തെത്തുടർന്ന്, പൊന്നാനി ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ നേരത്തെ വട്ടംകുളം കൃഷി ഭവൻ പ്രവൃത്തിച്ചിരുന്നതും നിലവിൽ ഒഴിഞ്ഞു കിടക്കുന്നതുമായ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം താൽകാലികമായി വിട്ടു നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പരമാർശ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തവനൂർ നിയമസഭാമണ്ഡലത്തിൽ പുതുതായി അനുവദിച്ച ഫുഡ് സേഫ്റ്റി ഓഫിസിന്റെ പ്രവർത്തനങ്ങൾക്കായി, പൊന്നാനി ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14/129-ാം നമ്പർ കെട്ടിടം, ഫുഡ് സേഫ്റ്റി ഓഫിസിന് വേറെ കെട്ടിടം ലഭ്യമാകുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
ഭക്ഷ്യ സുരക്ഷാകമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്,മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2017.09.25 11:06:24 IST
Reason: Approved
സെക്ഷൻ ഓഫീസർ